ബൈബിൾ
രഹസ്യങ്ങൾ

എന്റെ മാംസം എന്റെ രക്തം

abraham_mukkath@yahoo.com

എന്റെ മാംസം
എന്റെ രക്തം

'എന്റെ മാംസം എന്റെ രക്തം'

എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയർത്തെഴുന്നേൽപ്പിക്കും. (യോഹ:6:54)

'ജീവന്റെ അപ്പം' എന്താണ് എന്ന് വെളിപ്പെടുത്തുകയാണ് യേശു ഇവിടെ. സ്വർഗത്തിൽ നിന്നും ഇറങ്ങി വന്ന ജീവനുള്ള അപ്പമാണ് യേശുക്രിസ്തു. ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും. യേശു ഇതു പറഞ്ഞ സമയത്ത് അവിടെ കൂടിയിരുന്ന യെഹൂദന്മാർക്കും ഇതിന്റെ ആശയം മനസിലായില്ല. യേശുവിന്റെ ശരീരം എല്ലാവർക്കും തിന്നാൻ കൊടുക്കാൻ എങ്ങനെ കഴിയും എന്നവർ ചിന്തിച്ചു. ഇന്നത്തെ വിശ്വാസികൾക്ക് എങ്ങനെ യേശുവിന്റെ ശരീരരക്തങ്ങൾ കിട്ടുമെന്നതും ഒരു ചോദ്യച്ചിഹ്നമാണ്.

യേശു ക്രിസ്തു തന്റെ ശരീരത്തേയോ രക്തത്തേയോ അല്ല ഉദ്ദേശിച്ചതു എന്ന് വ്യക്തമാണ്. പരോക്ഷമായി യേശു കാര്യങ്ങൾ പറയുന്നു എന്നതിന് ഉത്തമമായ ഉദ്ദാഹരണമാണിത്. യേശുക്രിസ്തുവിന്റെ ശരീരം, അപ്പമോ, മുന്തിരിച്ചാറോ ആണ് എന്ന് ചിലർ വിശ്വസിക്കുന്നു. അതിനുള്ള വിശദീകരണങ്ങൾ അവർക്കും ഇല്ല. അപ്പമെടുത്തുകൊണ്ട് ഇത് എന്റെ ശരീരം എന്ന് യേശു പറഞ്ഞതാണ്. അതിനും എന്തെങ്കിലും കാര്യമുണ്ടായിരിക്കണം. ഒരു വെറും വാക്ക് ഒരിക്കലും യേശുവിൽ നിന്ന് പ്രതീക്ഷിക്കാൻ നിവൃത്തിയില്ല. അപ്പം എന്റെ ശരീരം എന്നുപറഞ്ഞതും, അപ്പത്തെ യേശുവിന്റെ ശരീരമായി കണക്കാക്കുന്നതിലും ബന്ധമുണ്ടോ?. നിത്യജീവനെ തരുന്ന ജീവനുള്ള അപ്പം അതുതന്നെയാണോ തുടങ്ങിയ കാര്യങ്ങളേക്കുറിച്ച് ചിന്തിക്കാനാണ് നാം ശ്രമിക്കുന്നത്.

സ്വർഗത്തിൽ നിന്നും ഇറങ്ങിവന്ന ജീവനുള്ള അപ്പമാണ് യേശുക്രിസ്തു എന്ന് പറഞ്ഞതിന്റെ ആശയം എന്തായിരിക്കും?. നിത്യജീവൻ പ്രാപിക്കാൻ ഉതകുന്ന ഈ അപ്പം കഴിച്ചവർ മാത്രമാണ് നിത്യജീവൻ പ്രാപിക്കുന്നത്. യേശുക്രിസ്തു പറയുന്നു:– എന്റെ മാംസം സാക്ഷാൽ ഭക്ഷണവും, എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു. അപ്പവും വീഞ്ഞും സാക്ഷാൽ ഭക്ഷണവും പാനീയവുമാണ്. അത് ഭക്ഷിക്കുന്നവർ എല്ലാം നിത്യജീവൻ പ്രാപിക്കും എന്ന് വിശ്വസിക്കാമെങ്കിലും, അതിന്റെ ആന്തരീക ആശയത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ യേശു ഉദ്ദേശിച്ചതു മറ്റൊന്നാണ് എന്ന് മനസിലാകും.

യേശുക്രിസ്തുവിനെ ഒരു മനുഷ്യരൂപത്തിൽ കാണുന്നവർക്കാണ് യേശുവിന്റെ മാംസം, മനുഷ്യമാംസമായും, യേശുവിന്റെ രക്തം മനുഷ്യരക്തമായും തോന്നുന്നത്. യേശുവിന്റെ മൺകൂടായ ശരീരത്തിനല്ല പ്രസക്തി, അതിനുള്ളിലെ ജീവനും ആത്മാവിനുമാണ്. യേശുക്രിസ്തുവിന് നാം അറിയുന്ന മനുഷ്യ ശരീരമല്ലാതെ ഒരു വിശ്വരൂപം ഉണ്ട്. ഈ പ്രപഞ്ചത്തിന്റെ രൂപമാണ് യേശുവിന്റെ ശരീരം. ഭൂമി അവന്റെ പാദപീഠം, ആകാശം(സ്വർഗം) അവന്റെ സിംഹാസനം എന്നൊക്കെ പറയുന്നത് യേശുക്രിസ്തുവിന്റെ സ്ഥൂല ശരീരത്തെക്കുറിക്കാനാണ്. ആ ബൃഹത് ശരീരത്തിലേ അവയവങ്ങളാണ് എല്ലാ മനുഷ്യരും. സകല ചരാചരങ്ങളും ആ ശരീരത്തിലെ അവയവങ്ങളാണ്. സൂര്യനും ചന്ദ്രനും, നക്ഷത്രങ്ങളും, ഗാലക്സികളുമെല്ലാം നിൽക്കുന്നത് യേശുക്രിസ്തുവിന്റെ ശരീരത്തിലാണ്. മനുഷ്യ പുത്രൻ ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചു നി

ൽക്കുന്ന സർവ്വവ്യാപിയും, സർവ്വാന്തര്യാമിയും, സർവ്വശക്തനുമാണ്. ആ ശരീരമാണ് അപ്പമായിത്തീരുന്നത്, അതിലെ രക്തമാണ് എല്ലാത്തരം പാനീയങ്ങളും. ഈ വിശ്വ രൂപം മുമ്പൊരിക്കൽ ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനന് കാണിച്ചുകൊടുത്തതാ ണ്. യേശുക്രിസ്തുവിന് അത്തരം വിശ്വരൂപമുണ്ട്, അതുകൊണ്ടാണ് എല്ലാവരും ആ ശരീരത്തിലെ അവയവങ്ങൾ എന്ന് പറയുന്നത്. ഓരോ മനുഷ്യനും അൽപമായ അവ ന്റെ ശരീരത്തിലിരിക്കെത്തന്നെ പിതാവിൽ ഏകീഭവിക്കുമ്പോൾ ഈ വിശ്വരൂപം അ നുഭവമാകും. സർവ്വചരാചരങ്ങളും തന്നിൽ വസിക്കുന്നതായി മനസിലാകും. ആ ല ക്ഷ്യത്തിലേക്കെത്തിച്ചേരാനാണ് യേശുക്രിസ്തുവും ഉദ്ദേശിക്കുന്നത്.

അപ്പവും മുന്തിരിച്ചാറും എന്റെ മാംസരക്തങ്ങൾ എന്ന് യേശു പറഞ്ഞത് പൂർണ്ണ സ ത്യം തന്നെയാണ് എന്ന് നമുക്കിപ്പോൾ മനസിലാക്കാം. എന്നാൽ അതു ഭക്ഷിക്കുന്ന വർ നിത്യജീവൻ പ്രാപിക്കും എന്നാണോ യേശുക്രിസ്തു പറഞ്ഞത് എന്ന് പരിശോ ധിക്കാം. നിരീശ്വരവാദികൾ വരെ അത് ഭക്ഷിച്ച് ജീവിക്കുന്നവരുണ്ട്. അവർ നിത്യ ജീ വൻ പ്രാപിക്കും എന്ന് ആരും ചിന്തിക്കാൻ ഇടയില്ല. അപ്പോൾ യേശു ക്രിസ്തു ഇവി ടെ ഉദ്ദേശിക്കുന്ന മാംസരക്തങ്ങൾ യേശുക്രിസ്തുവിന്റെ വിശ്വരൂപത്തിലെ ഭക്ഷണ പാനീയങ്ങളല്ല എന്ന് വ്യക്തമാണ്. എന്ത് ഭക്ഷിച്ചാലാണോ ഒരാൾ നിത്യജീവൻ പ്രാ പിക്കുന്നത് അതായിരിക്കണം ഇവിടേ യേശു ഉദ്ദേശിക്കുന്നതും.

സാധാരണ ഒരു മനുഷ്യൻ ഈ ലോകത്ത് ജീവിക്കുന്നത് ശരീരം, ഇന്ദ്രിയങ്ങൾ, മന സ്, ബുദ്ധി, ചിത്തം, അഹംകാരം ഒക്കെയായിട്ടാണ് എന്നത് അനുഭവമാണ്. ജീവൻ എല്ലാ മനുഷ്യരുടേയും ഉള്ളിൽ ഉണ്ടെങ്കിലും അതെന്താണെന്ന് പോലും അറിയാൻ പറ്റാത്ത അവസ്ഥയാണുള്ളത്. അതുപോലെ മനുഷ്യനുള്ളിൽ ഉണ്ടെന്പറയുന്ന ദൈ വമായ ആത്മാവിനേക്കുറിച്ചും കേട്ടതല്ലാതെ നേരിട്ടനുഭവമോ അറിവോ ഇല്ലെന്നതാ ണ് സത്യം. മനുഷ്യൻ ജീവാത്മാവാണ്, ജീവനാണ് എന്നൊക്കെ കേൾക്കാം എന്ന ല്ലാതെ അനുഭവത്തിലുള്ള അറിവില്ല. അതു രണ്ടും രുചിച്ചറിയുകയാണ് ആത്മീയ ജീവിതത്തിലൂടെ സാധിക്കേണ്ടതും. ഭക്ഷിക്കുകയെന്നാൽ ഇവിടെയർത്ഥം അനുഭവി ക്കുക എന്നാണ്. യേശുക്രിസ്തുവിന്റെ ശരീരമായ മാംസരക്തങ്ങൾ അനുഭവിക്കുന്ന വൻ (തിന്നുന്നവൻ) നിത്യജീവൻ പ്രാപിക്കും എന്ന യേശുവിന്റെ വാക്കുകൾ ലാഘ വത്തോടെ എടുക്കാതിരുന്നാൽ നാം ഈ ആശയത്തിലേക്ക് എത്തിച്ചേരും, കാരണം യേശുക്രിസ്തുവിന്റെ വിശ്വരൂപത്തെ ചേതനമാക്കുന്നത് അതിനുള്ളിലെ സർവ്വവ്യാ പിയായ ജീവനും, സർവ്വവ്യാപിയായ ആത്മാവുമാണ്. അഥവാ പിതാവായ, ആത്മാ വിനേയും, പുത്രനായ ജീവനേയും സാക്ഷാൽക്കരിക്കുന്നവൻ നിത്യജീവൻ പ്രാപിക്കു ന്നു എന്ന പരമസത്യമാണ് യേശു പറഞ്ഞത്. ഈ സത്യം യേശുക്രിസ്തു തന്നെ സൂചിപ്പിച്ചിട്ടുണ്ട് എങ്കിലും പലരും അതിനേക്കുറിച്ച് കൂടുതൽ ചിന്തിച്ചിരിക്കയില്ല.

ബൈബിൾ പറയുന്നു; അവന്റെ ശിഷ്യന്മാർ അത് കേട്ടിട്ട് ഇത് കഠിനവാക്ക്, ഇത് ആർക്ക് കേൾപ്പാൻ കഴിയും എന്നു പറഞ്ഞു. ശിഷ്യന്മാർ അതിനെച്ചൊല്ലി പിറുപിറു ക്കുന്നത് യേശു തന്നിൽത്തന്നെ അറിഞ്ഞ് അവരോട്: ഇത് നിങ്ങൾക്ക് ഇടർച്ചയാകു ന്നുവോ?, ജീവിപ്പിക്കുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാ ൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ (മാംസരക്തങ്ങൾ) **ആത്മാവും ജീവനുമാകു ന്നു.** (യോഹ:6:60–64).

ആത്മാവും ജീവനും അനുഭവവേദ്യമാക്കുന്നതിനെയാണ് ഭക്ഷിക്കുകയെന്നതു കൊ ണ്ടുദ്ദേശിക്കുന്നത്. ആത്മാവും ജീവനും അനുഭവിക്കുന്നവൻ (ഭക്ഷിക്കുന്നവൻ) നിത്യ

ജീവൻ പ്രാപിക്കുന്നു എന്നാണ് യേശു പറഞ്ഞത്. ജഡീകത്തിന്റെ ജയിലിൽ മരിച്ചവ രായി കഴിയുന്നവരുടെ ഉയർത്തെഴുന്നേൽപ്പ് ഇതിലൂടെ സാധ്യമാകുന്നു. കല്ലറകളിൽ വിശ്രമിക്കുന്നവർ, ആത്മീയമായി മരിച്ചവരാണ്. അവരെ ദൈവം ആത്മീയത്തിലേ ക്ക് ഉണർത്തുന്നു, ഉയർത്തുന്നു. അതാണവരുടെ യഥാസ്ഥാനം.

മനുഷ്യനുള്ളിൽ വസിക്കുന്ന ആത്മാവിലേക്കും ജീവനിലേക്കും എത്തിച്ചേരാനുള്ള ക ഠിനപ്രയത്നമാണ് ആത്മീയജീവിതം. ശരീരമാണ് താൻ എന്ന് ധരിക്കുന്ന മനുഷ്യൻ അജ്ഞാനിയാണ്, അതവന്റെ ഓവർക്കോട്ട് മാത്രമാണ്. വെളിയിൽ ബാഹ്യലോക ത്ത് ദൈവത്തെ അന്വേഷിച്ചിരുന്ന ഭക്തന്മാരോട് യേശുക്രിസ്തു പറഞ്ഞു, 'സ്വർഗ രാജ്യം നിന്റെ ഉള്ളിലാണ്' മനസ് അവിടേക്ക് തിരിക്കുക. ശരീരത്തിനുള്ളിലെ ദേഹി യിലേക്ക് മനസ് തിരിക്കുക, ആത്മാവ് വസിക്കുന്നത് ദേഹിയിലാണ്.

സ്വർഗരാജ്യത്തിന്റെ താക്കോൾ പത്രോസിനു കൊടുത്തു എന്ന് ബൈബിൾ പറയു ന്നു. സ്വർഗരാജ്യമെന്ന ആ വലിയ പട്ടണത്തിലേക്ക് പ്രവേശിക്കണമെങ്കിൽ പത്രോ സിനെ ആശ്രയിക്കണം, താക്കോൽ പത്രോസിന്റെ കയ്യിലാണ് എന്ന് ധരിക്കുന്നവർ ഉണ്ട്. സ്വർഗരാജ്യത്തിന്റെ താക്കോൽ എന്താണെന്നത് നിഗൂഢമാണ്. ആത്മാവിലേ ക്ക് എത്തിച്ചേരാനുള്ള അഭ്യാസമാണ് ആ താക്കോൽ. അത് പത്രോസിനെ യേശു ക്രിസ്തു പഠിപ്പിച്ചു.

ക്രിസ്തീയ സമൂഹത്തിന് കൈമോശം വന്നുപോയ നിധിയാണത്. ശരീരമാണ് താ ൻ എന്ന അധഃപതിച്ച ബോധത്തിൽ നിന്നും ആത്മാവാണ് ഞാൻ എന്ന സ്വരൂപത്തി ലേക്ക്, സ്വരാജ്യത്തിലേക്ക് സ്വസ്ഥാനത്തേക്ക്, രക്ഷാസ്ഥാനത്തേക്ക് എത്തിച്ചേരാനു ള്ള അഭ്യാസമാണ് യേശുക്രിസ്തു വി.പത്രോസിന് നൽകിയത്.

പകൽ സമയം മുഴുവൻ സുവിശേഷം പ്രസംഗിക്കുകയും, രാത്രികാലങ്ങളിൽ, മല മുകളിലും, നിർജ്ജനപ്രദേശത്തും ശിഷ്യന്മാരെ കൂടെ കൂട്ടാതെ ഒറ്റക്ക് ധ്യാനത്തിൽ മുഴുകിയിരുന്ന യേശുക്രിസ്തുവിനെ ബൈബിൾ വരച്ചു കാട്ടുന്നു. പഴയനിയമകാ ലത്തെ പ്രവാചകന്മാർ, സ്നാപകയോഹന്നാൻ ഒക്കെ നിർജ്ജനപ്രദേശങ്ങളും, വനാ ന്തരങ്ങളുമെല്ലാം അവരുടെ വാസസ്ഥാനങ്ങളാക്കിയിരുന്നു. ഭാരതീയ താപസന്മാരെ പ്പോലെ ധ്യാനനിഷ്ഠമായ ഒരു ജീവിതം പ്രവാചകന്മാർക്കുണ്ടായിരുന്നു. യേശുക്രി സ്തുവും അത്തരത്തിൽ ജീവിച്ചിരുന്നു എന്ന് നമുക്ക് അനുമാനിക്കാം. മരുഭൂമിയിൽ നാൽപതു ദിവസം ഉപവസിച്ചതുമാത്രമാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത് എന്നത് സ ത്യമാണ്, എങ്കിലും ഒരു താപസവൃത്തി യേശുക്രിസ്തുവിനുണ്ടായിരുന്നു എന്ന് ചി ന്തിക്കുന്നത് ഉചിതമാണ്.

ദേഹിയിൽ അശുദ്ധികളും, കളങ്കങ്ങളും ഒക്കെ ഉള്ളേടത്തോളം കാലം ഈ വിഷയ ങ്ങൾ ഗ്രഹിക്കാനോ, വിശ്വസിക്കാനോ പ്രയാസമാണ്. വെള്ള തേച്ച ശവക്കല്ലറകൾ എന്ന് യേശുക്രിസ്തുവിന്റെ പ്രയോഗം ബാഹ്യശുദ്ധീകരണത്തിൽ മാത്രം ശ്രദ്ധിച്ചി രുന്ന 'ഭകതന്മാരുടെ' അവസ്ഥയെ സൂചിപ്പിക്കാനാണ്.

മനസിലെ സങ്കൽപങ്ങൾ പുഷ്പിച്ച് ഫലം കായ്ക്കുന്നതാണ് പ്രവർത്തിയായി മനു ഷ്യൻ അറിയുന്നത്. എന്നാൽ ആത്മീയ ശാസ്ത്രങ്ങളിൽ പ്രവർത്തി ശരീരംകൊണ്ട് ചെയ്യുന്നതല്ല, മറിച്ച് മനസിൽ സങ്കൽപ്പിക്കുന്നതാണ്. സങ്കൽപങ്ങൾ ഒടുങ്ങാത്തിട

ത്തോളം കാലം ഹൃദയശുദ്ധി അകലെത്തന്നെയാണ്. ലൗകീക വാസനകൾ ഉള്ള വരാണ് മനുഷ്യർ. വാസനകൾ ഉള്ളവർക്ക് സങ്കൽപിക്കാതിരിക്കാൻ കഴിയില്ല. സങ്കൽപമാണ് യഥാർത്ഥത്തിൽ ഏറ്റവും വലിയ പാപം എന്ന് ആത്മീയ ശാസ്ത്രങ്ങൾ പഠിച്ചവർക്കറിയാം. അതുകൊണ്ട് മനസിനെ സങ്കൽപവിമുക്തമാകാനാണ് ഒരു സത്യാന്വേഷി ശ്രമിക്കുന്നത്. Be still and know that I am God എന്ന് സങ്കീർത്തനക്കാരൻ പറയുന്നത് ശ്രദ്ധിക്കുക.

ധ്യാനമെന്ന് പറയുന്നത് ആത്മാനുസന്ധാനമാണ്, മനസിനെ ആത്മാവിലേക്ക് ഏകാഗ്രമാക്കുക. ഇന്ദ്രിയങ്ങളെ അതിന്റെ വ്യാപാരങ്ങളിൽ നിന്നും പിൻവലിക്കുന്നതാണ് ആദ്യപടി. അത് സാദ്ധ്യമാകാൻ ഇന്ദ്രിയജയം നേടിയിരിക്കണം. എപ്പോൾ വേണമെങ്കിലും ഇന്ദ്രിയങ്ങളെ അതാതിന്റെ വിഷയങ്ങളിൽ നിന്നും പിൻതിരിക്കാൻ കഴിയുന്നവർക്ക് ഏതു കോലാഹലങ്ങൾക്കിടായിലും മനസിനെ ഏകാഗ്രമാക്കാൻ കഴിയും. മനസും, ജീവശക്തിയും (Life Force) പൂർണ്ണമായി ആത്മാവിലേക്ക് തിരിക്കാനാണ് ഒരു ധ്യാനയോഗി അഭ്യസിക്കുന്നത്. പൂർണ്ണമനസോടെ, പൂണ്ണ ശക്തിയോടെ ദൈവത്തെ സ്നേഹിക്കുക എന്ന് യേശുക്രിസ്തു പറഞ്ഞത് പ്രായോഗീകമാക്കുകയാണ് ഇവിടെ.

ഇന്ദ്രിയങ്ങളിലൂടെ വ്യാപരിച്ചിരുന്ന മനസ് പൂർണ്ണമായും ആത്മാവിലേക്ക് സമർപ്പിക്കുക, ഇന്ദ്രിയവ്യാപാരത്തിന് വിനിയോഗിച്ചിരുന്ന പ്രാണശക്തി ആത്മാവിലേക്ക് തിരിക്കുക, അതാണ് ഒരു ധ്യാനയോഗി ചെയ്യുന്നത്. ലൗകീകവ്യാപരങ്ങൾക്ക്, ശാരീരിക വ്യാപാരങ്ങൾക്ക് ഒക്കെ ഉപയോഗിച്ചിരുന്ന പ്രാണശക്തി(Life Force)യെ പൂർണ്ണമായും ആത്മാവിലേക്ക് തിരിക്കണമെന്നാണ് യേശുക്രിസ്തു ഉദ്ദേശിച്ചത്. പൂർണ്ണ ശക്തിയോടെ ദൈവത്തെ സ്നേഹിക്കുക. ഈ പ്രാണശക്തിയാണ് ശരീത്തിൽ നാം കാണുന്ന പ്രവർത്തനങ്ങൾക്കെല്ലാം ആധാരം. സ്തൂലമായ ചലനങ്ങൾ എല്ലാം പ്രാണനെ ആശ്രയിച്ചാണ്. മനുഷ്യൻ നടക്കുന്നതും, ഭക്ഷിക്കുന്നതും, പചിക്കുന്നതുമെല്ലാം പ്രാണശക്തിയുടെ സഹായത്താലാണ്. മനസ് ചിന്തിക്കണമെങ്കിൽ പ്രാണശക്തി വേണം. പ്രാണശക്തിയെ നിയന്ത്രിച്ചാൽ മനസിന്റെ സങ്കൽപങ്ങളെ, ചിന്തകളെ ഒക്കെ നിയന്ത്രക്കാം എന്ന് ഭാരതീയ യോഗീശ്വരന്മാർ കണ്ടെത്തി. പ്രാണശക്തിയെ നിയന്ത്രിക്കുന്ന അഭ്യാസക്രമം 'പ്രാണായാമ'മെന്ന പേരിൽ പ്രസിദ്ധമാണ്. മനസിനെ നിശ്ചലമാക്കുക, ചിന്തയും സങ്കൽപവുമൊന്നും ഇല്ലാതാക്കുക, എന്നിട്ട് പൂർണ്ണമായി ആത്മാവിന് സമർപ്പിക്കുക. ഈ അഭ്യാസം തന്നെയാണ് യേശുക്രിസ്തുവിന്റെ സുപ്രധാനകൽപനയിൽ ഒതുങ്ങിയിരിക്കുന്നത്. 'പൂർണ്ണമനസോടെ, പൂർണ്ണശക്തിയോടെ ദൈവത്തെ സ്നേഹിക്കുക'. മനസിനെക്കുറിച്ച്, ശക്തിയേക്കുറിച്ച് ഒക്കെ വ്യക്തമായ അറിവും ധാരണയും ഇവിടെ ആവശ്യമാണ്.

ശരീരമാകുന്ന പരദേശത്തുനിന്നും, മനസിന്റെ സൂക്ഷ്മ തലങ്ങളിലൂടെ സഞ്ചരിക്കുന്നു. ബോധമനസിൽ നിന്നും ഉപബോധമനസിന്റെ അജ്ഞാത തലങ്ങളിലൂടെ സഞ്ചരിക്കുന്ന സത്യാന്വേഷിയെ മാർഗത്തിൽ പലതരത്തിലുള്ള ദൃശ്യങ്ങളും അത്ഭുത ശക്തികളുമെല്ലാം സ്വാഗതം ചെയ്യുന്നു. യേശുക്രിസ്തുവിന്റെ മരുഭൂമിയിലെ നാൽപത് ദിവസത്തെ ഉപവാസജീവിതത്തിൽ ഈ സംഭവങ്ങൾ കടന്നു പോകുന്നുണ്ട്. ശരീരം, മനസ്, പ്രാണൻ മുതലായവയെല്ലാം ആത്മാവിന് സമർപ്പിക്കപ്പെടുമ്പോൾ അ

വൻ മരിച്ചവനേപ്പോലെയായിത്തീരുന്നു. ഈ അനുഭവം വി.പത്രോസിനും യോഹന്നാനുമൊക്കെയുണ്ടായിട്ടുള്ളതാണ്.

ഈ യാത്ര ഒറ്റക്കാണ്, കൂടെ ആർക്കും സഞ്ചരിക്കാൻ കഴിയില്ല. മാർഗം അപരിചിതമാണ്, ദുർഘടമാണ്. ചതിക്കുഴികൾ അനവധിയുള്ളതാണ്, അതുകൊണ്ട് ലക്ഷ്യത്തിൽ നിന്നും വഴിതെറ്റാൻ എളുപ്പം. സ്ഥൂല ലോകത്തല്ല യാത്ര, സൂഷ്മലോകത്താണ്. മനസിന്റെ അഗാധതലങ്ങളിലേക്ക് മുങ്ങാംകുഴിയിട്ടൊരു പോക്കാണ് ധ്യാനം. എവിടെക്കാണ് പോകുന്നത് എന്നതിനേക്കുറിച്ച് ഒരു രൂപവുമില്ല. ആത്മാവ് എന്താണ്, ജീവൻ എന്താണ് എന്നൊന്നും അറിയുകയില്ല. മനസിന്റെ അജ്ഞാത നിലവറകൾ, അവിടെ പതിയിരിക്കുന്ന സാത്താന്റെ സൈന്യങ്ങൾ, ഇവയെക്കുറിച്ചൊന്നും കൃത്യമായ ധാരണയില്ല. 'സ്വർലോകത്തിലെ ദുഷ്ടാത്മാസേനകൾ' ഇവിടെ ശത്രുക്കളായി നിലകൊള്ളുന്നു. ആ ശക്തികളോടൊക്കെ പോരാടി ജയിക്കാത്തവർക്ക് ഈ യാത്ര സാദ്ധ്യമല്ല. ആത്മസമുദ്രത്തിലെ തിരമലകളാണ് മനസ്. തിരമാലകളാൽ പ്രക്ഷുബ്ധമായ അവസ്ഥയിൽ ആത്മാവിന്റെ യാഥാർത്ഥ്യം കാണാനോ അറിയാനോ കഴിയില്ല. തിരമാലകളാണ് മനസ്, തിരമാലകളെ അടക്കുകകയെന്നാൽ മനസിനെ അടക്കുകയാണ്. ചിന്തകളും സങ്കൽപങ്ങളുമെല്ലാം ഇല്ലാതാക്കുമ്പോൾ മനസ് ശുദ്ധമനസായിത്തീരുന്നു. ഹൃദയശുദ്ധി, ചിത്തശുദ്ധി എന്നൊക്കെ പറയുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു.